# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 4330

21.03.2018-ൽ മറുപടിക്ക്

### ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനും നിയമനം നടത്തുന്നതിനും നടപടി

| ചോദ്യം<br>ശ്രീ. പി.ഉബൈദുള്ള | | ഉത്തരം<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | പി.എസ്.സി. യ്ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതെ സ്ഥാപന മേധാവികളുടെ ആശ്രിതർക്ക് ഡ്രൈവർ തസ്തികയിൽ വിശേഷിച്ചും മറ്റു കാറ്റഗറികളിൽ പൊതുവിലും താൽക്കാലിക/കരാർ അടിസ്ഥാനത്തിൽ ജോലി കൊടുക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇത്തരം പരാതികൾ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (ബി) | പി.എസ്.സി. യുടെ റാങ്ക് ലിസ്റ്റുകൾ നിലനിൽക്കെ ഉദ്യോഗാർത്ഥികളോട് ചെയ്യുന്ന ഈ ക്രൂരത അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (ബി) | പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുള്ള തസ്തികകളിലെ ഒഴിവുകൾ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്ന് മാത്രമേ നികത്താവൂ എന്നും, ഇത്തരം തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ദിവസവേതന/കരാർ അടിസ്ഥാനത്തിലുള്ള നിയമനങ്ങൾ നടത്തരുതെന്നും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | നിയമനം നടത്താതെ ലിസ്റ്റുകളുടെ കാലാവധി തീരുന്ന സാഹചര്യം സമഗ്ര പരിശോധനയ്ക്ക് വിധേയമാക്കുമോ; | (സി) | ഒരു റാങ്ക് ലിസ്റ്റിന്റെ സ്വാഭാവിക കാലാവധി, ആയത് നിലവിൽ വന്ന തീയതി മുതൽ ഒരു വർഷം വരെയാണ്. ഒരു വർഷത്തിന് ശേഷം പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതിയോ അല്ലെങ്കിൽ മൂന്ന് വർഷമോ ഏതാണോ ആദ്യം സംഭവിക്കുന്നത് അതുവരെയും കാലാവധി ദീർഘിപ്പിക്കാറുമുണ്ട്. മൂന്ന് വർഷത്തിനുള്ളിൽ ഒരാളെപ്പോലും നിയമിച്ചിട്ടില്ലെങ്കിൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഒരാളെയെങ്കിലും നിയമിക്കുന്നതുവരെയോ അല്ലെങ്കിൽ ഒരു വർഷം കൂടിയോ ഏതാണോ ആദ്യം അതുവരെയും റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കാറുണ്ട്. |
| (ഡി) | ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നതിനും നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്നും ഉടൻ നിയമനം നടത്തുവാനും നിർദ്ദേശം നൽകുമോ ? | (ഡി) | പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെയുള്ള ലഭ്യമായ ഒഴിവുകൾ സമയ ബന്ധിതമായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യണമെന്ന് വകുപ്പമേധാവികൾക്കും, നിയമനാധികാരികൾക്കും കർശന നിർദ്ദേശം ഇതിനകം തന്നെ നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**